## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3015 18.10.2016-ലെ മറുപടിക്ക്

### പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം** **ഉത്തരം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ; | National Securities Depository Limited – Central Record Agency യുടെ monthly റിപ്പോർട്ടിൻ പ്രകാരം 2016 സെപ്റ്റംബർ 30 വരെ 39,933 ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സർക്കാർ നിക്ഷേപിച്ച തുകയെത്രയെന്നും നിക്ഷേപിക്കേണ്ടിയിരുന്ന തുകയെത്രയെന്നും വെളിപ്പെടുത്തുമോ ; | National Securities Depository Limited – Central Record Agency യുടെ monthly റിപ്പോർട്ടിൻ പ്രകാരം 2016 സെപ്റ്റംബർ 30 വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും (142.58 കോടി രൂപ) സർക്കാർ വിഹിതവും (142.58 കോടി രൂപ) കൂടി ചേർത്ത് **285.16 കോടി രൂപ** നിക്ഷേപിച്ചിട്ടുണ്ട്. ഈ കാലയളവിൽ സർക്കാർ നിക്ഷേപിക്കേണ്ട തുക പൂർണ്ണമായും നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | ഫണ്ട് മാനേജർമാരായി നിയോഗിച്ചവർക്ക് പുറമേ ഏതെങ്കിലും ഏജൻസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ | ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14.08.2008-ലെ കേന്ദ്രസർക്കാരിലെ 5(88)2006 പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് |

| | | |
|---|---|---|
| | അവയേതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത ഫണ്ട് നിക്ഷേപിച്ചു വരുന്നത്. |
| (ഡി) | ഫണ്ട് മാനേജർമാർക്ക് ലഭിച്ച തുകയുടെ വിശദ വിവരം ലഭ്യമാക്കുമോ? | 2015-16 സാമ്പത്തിക വർഷം NPS Trust ന്റെ ഫയൽ നം. 1/3/2015/NPST പ്രകാരം ഫണ്ട് മാനേജർമാർക്ക് അനുവദിച്ചിരിക്കുന്ന തുകയുടെ ആനുപാതികം SBI പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്- 34%, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ് - 32%, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് - 34% എന്നിങ്ങനെയാണ്. NSDL-ൽ നിന്നും ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2016-സെപ്റ്റംബർ 30 വരെ 285.16 കോടി രൂപ പ്രസ്തുത ഫണ്ട് മാനേജർമാർക്ക് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ